(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(സി) പ്രസ്തുത ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് അനുവാദം കൊടുക്കുന്ന കാര്യം വൈകുന്നതെന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

ഉപ്പളയിൽ കെ. എസ്. എഫ്. ഇ. യുടെ ശാഖ

16 (1071) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.എഫ്.ഇ. യുടെ ഒരു ശാഖ ഉപ്പളയിൽ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

കെ.എസ്.എഫ്.ഇ. നടത്തിയ പഠനത്തിൽ ഉപ്പളയിൽ ഒരു ബ്രാഞ്ച് ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയില്ല എന്നു കണ്ടതിനാൽ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ.യിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം

17 (1072) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ. എസ്. എഫ്. ഇ. യിൽ ഇപ്പോൾ ഏതൊക്കെ ഉദ്യോഗസ്ഥരുടെ പേരിൽ അന്വേഷണം നടക്കുന്നുണ്ട് ; ഡിപ്പാർട്ട്മെന്റ് തലത്തിൽ നടക്കുന്ന അന്വേഷണത്തിന്റെയും, സർക്കാർ തലത്തിൽ നടക്കുന്ന അന്വേഷണത്തിന്റെയും പുരോഗതി വിശദമാക്കാമോ ;

(ബി) സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് ഏതൊക്കെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട് ;

(സി) മുൻ മാനേജിംഗ് ഡയറക്ടർമാരുടെ പേരിൽ നടപടികൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) കെ.എസ്.എഫ്.ഇ.യിലേക്ക് സാധനങ്ങൾ വാങ്ങുന്നതിൽ അഴിമതിയും ക്രമക്കേടുകളും നടക്കുന്നുതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly